(ബി) പാർട്ട്ടൈം അദ്ധ്യാപകർക്ക് കിട്ടുന്ന ശമ്പളം അവരുടെ ജീവിതാവശ്യത്തിന് തുലോം അപര്യാപ്തമാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാർട്ട്ടൈം അദ്ധ്യാപകരുടെ പ്രത്യേക യോഗ്യതകളും ഇപ്പോഴത്തെ ശമ്പളത്തിന്റെ അപര്യാപ്തതയും പരിഗണിച്ച് അവർക്ക് അണ്ടർഗ്രാഡുവേറ്റ് അദ്ധ്യാപകരുടെ ശമ്പളവും ഗ്രേഡും അനുവദിച്ചു കൊടുക്കാൻ നടപടി എടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഒരു സ്കൂളിൽ മാത്രം ജോലിചെയ്താൽ 25 രൂപയും, രണ്ടു സ്കൂളുകളിൽ ജോലി ചെയ്യുന്നതായാൽ 35 രൂപയും, മൂന്നു സ്കൂളുകളിൽ ജോലിചെയ്യുന്നതായാൽ 45 രൂപയും ആകുന്നു. ഒരു പാർട്ടൈം അദ്ധ്യാപകനു് മൂന്നു സ്കൂളുകളിൽ ജോലിനോക്കാവുന്നതാണു് ;

(ബി) ഉണ്ടു് ; അവർക്ക് കൊടുക്കുന്നതു് അവർ ചെയ്യുന്ന പാർട്ടൈം ജോലിക്കുള്ള ശമ്പളം മാത്രമാണു്. മൂന്നു സ്കൂളുകളിൽ ജോലി നോക്കുന്ന ആൾക്കു് ഒരു അണ്ടർഗ്രാഡുവേറ്റ് അദ്ധ്യാപകന്റെ മിനിമം ശമ്പളമായ 45 രൂപ കിട്ടുന്നുണ്ടു് ;

(സി) പാർട്ട്ടൈം പോസ്റ്റെന്നു പറയുന്നതു് 14-ം, 14-ൽ കൂടുവും പിരീഡു മാത്രമുള്ളപ്പോൾ അനുവദിക്കുന്ന ഒന്നാകുന്നു. പിരീഡു് അധികരിക്കുമ്പോൾ പാർട്ട്ടൈം പോസ്റ്റു് ഫുൾടൈം പോസ്റ്റു് ആകുന്നതാണു്. ഇത്തരത്തിലുള്ള മാറ്റമല്ലാതെ എല്ലാ പാർട്ട്ടൈം പോസ്റ്റുകളും ഉടനെ ഫുൾടൈം പോസ്റ്റുകളാക്കുന്നതു് പ്രായോഗികമല്ല.

Weavers.

* 305 [78] SHRI T. T. DANIEL: Will the Chief Minister be pleased to state:

(*a*) what is the total number of weavers in the State;

(*b*) what is the amount which the Central Government has advanced to this Government to aid this industry for the last four years;

(*c*) how much amount has been so far paid to aid this industry ?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) 1,30,000.

(*b*) The Cess Fund schemes through which the Central Government aids the handloom industry were implemented in the State only from January 1954. The amounts sanctioned for the years 1953-54 and 1954-55 come to Rs. 19,36,688/-.

(*c*) Rs. 11,67,315-3-11.

LIBRARY ARCHIVES Kerala Legislative Assembly